Item of Expenditure		Expenditure booked and adjusted up to and including 50-51 Rs.	As.	P.
10. Loans paid from the Travancore portion of the Fund	..	2,33,372	9	3
11. Do. from Cochin portion	..	1,30,000	0	0
12. Pay of staff, contingency etc. incurred from the Cochin portion of the Fund	..	9,303	1	3
13. Contingency expenses incurred from the Travancore portion of the Fund	..	2,944	8	4
Total	..	7,13,980	2	8

ഗ്രാമോജ്ജീവനം പരിശീലനം

ക്ര ര ഒ. (൯) ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി : താഴെ പറയുന്നതിനോ ദ്യത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി പറയുമോ?

പിന്നോക്കസമുദായ കേന്ദ്രങ്ങളിൽ ഗ്രാമോജ്ജീവനം സംബന്ധിച്ച പരിശീലനം നൽകിവരുന്നുണ്ടോ? ഉണ്ടെങ്കിൽ അപ്രകാരം പരിശീലനം നൽകുന്ന ഉദ്യോഗസ്ഥൻ ആരെന്നും, എവിടെയെന്നും പറയുവാൻ മടിയുണ്ടാകുമോ?

വ്യവസായവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കൃഷ്ണൻകുട്ടി മേനോൻ) : ഇല്ല.

ശ്രീ. പരമേശ്വരൻ നായരുടെ നിയമനം.

*ക്ര ര വ. (൯൨) ശ്രീ. കെ. എ. മാത്യു : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ട്രാൻസ്പോർട്ട് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ട്രാൻസ്പോർട്ട് വകുപ്പുമന്ത്രിയുടെ പ്രൈവറ്റ സിക്രട്ടറിയായിരുന്ന ശ്രീ. പരമേശ്വരൻനായരെ ട്രാൻസ്പോർട്ടവകുപ്പ ഡയറക്ടരുടെ അസിസ്റ്റൻറായി നിയമിപ്പാൻ പ്രത്യേകകാരണങ്ങളും എന്തു;

(ബി) അദ്ദേഹത്തിന്റെ ഈ നിയമനംമൂലം ആരുടെയെങ്കിലും സീനിയോറിട്ടിയും, അവകാശവും അവഗണിക്കപ്പെട്ടിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ) : (എ) ശ്രീ. പരമേശ്വരൻ നായരെ ട്രാൻസ്പോർട്ട ഡയറക്ടരുടെ Personal Assistant ആയിട്ടാണ് നിയമിച്ചിരിക്കുന്നത്. അതിനുമുൻപ് Personal Assistant ആയിരുന്ന ഉദ്യോഗസ്ഥൻ അവധിയിൽ പ്രവേശിച്ചപ്പോൾപകരം ഭരണപരിചയവും തഴക്കവുമുള്ള ഒരാളെ തൽസ്ഥാനത്തു അത്യാവശ്യമായി നിയമിക്കേണ്ടിയിരുന്നതുകൊണ്ടാണ് ശ്രീ. പരമേശ്വരൻ നായരെ നിയമിച്ചത്.

(ബി) ഇല്ല.

മെഡിക്കൽ കോളേജ് തിരഞ്ഞെടുപ്പ്

*ക്ര ര ൻ. (൯൩) ശ്രീ. കെ. എ. മാത്യു : (എ) മെഡിക്കൽ കോളേജിലേക്ക തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികളിൽ ഇൻറർമീഡിയറ് പരീക്ഷയ്ക്ക് രണ്ടുപ്രാവശ്യം കൂടിയ ആരെയെങ്കിലും ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ബി) ആ വിദ്യാർത്ഥിക്ക ഗെയിംസിനു (games) ഉള്ള പ്രവീണതയ്ക്ക് എന്തുമാർക്ക കണ്ടറിഞ്ഞ് നൽകിയാണ് തിരഞ്ഞെടുത്തത്?

LIBRARY ARCHIVES Kerala Legislative Assembly

(സി) അങ്ങിനെ മാർക്ക് നൽകി ആ വിദ്യാർത്ഥിയെ തിരഞ്ഞെടുക്കുവാൻ വല്ല പ്രത്യേകകാരണങ്ങളുമുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ): (എ) ഉവ്വ്. അത്തരം അഞ്ചുപേരെ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ഏതു വിദ്യാർത്ഥിയെ ആണ് സൂചിപ്പിക്കുന്നതെന്നു മനസ്സിലാകുന്നില്ല.

(സി) മേൽ പ്രസ്താവിച്ചതിൽ നിന്നു ഈ ചോദ്യം ഉദിക്കുന്നില്ല.

ചിറ്റാറിൽ ഒരു പാലം

*൧൪൦. (൧൧൦) ശ്രീ. എൻ. കെ. കൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട മരാമത്തുമന്ത്രി സദയം മറുപടി പറയുമോ?

നെയ്യാറ്റിങ്കര താലൂക്കിൽ ഒറ്റശേഖരമംഗലം പകുതിയിൽ ചിറ്റാറിൽ ഒരു പാലം പണിയേണ്ടതിന്റെ അത്യാവശ്യത്തെപ്പറ്റി പൊതുജനങ്ങൾ വളരെക്കാലമായി പരാതിപ്പെടുന്നുണ്ടോ?

മരാമത്തു വകുപ്പുമന്ത്രി (ശ്രീ ജി. ചന്ദ്രശേഖരപിള്ള): ഉണ്ട്. ബഡ്ജറ്റിൽ പെരുങ്കടവിള കുന്നത്തുകാൽ റോഡിൽ ചിറ്റാറിൽ പാലം കെട്ടാൻ പ്രൊവിഷൻ ഉണ്ട്. എസ്റ്റിമേയിറ്റ് തയാറായി വരുന്നു. ഈ ആണ്ടിൽത്തന്നെ ലീ തുടങ്ങുന്നതാണ്. (item 249 Part II)

പിന്നോക്കസമുദായോദ്ധാരണം

*൧൫൫. (൧൫൫) ശ്രീ. എം. പി കൃഷ്ണദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി നൽകുമോ?

(എ) പിന്നോക്കസമുദായോദ്ധാരണ വകുപ്പിന്റെ ഭരണം പിന്നോക്കസമുദായാംഗങ്ങൾ ഉൾക്കൊള്ളുന്ന ഒരു കമ്മറ്റിയെ ഏല്പിക്കുവാൻ എത്രയെന്നോറാണ്ടുകൾ ഏതെല്ലാം സംഘടനകളിൽ നിന്നും ഇതിനകം ഗവണ്മെന്റിനു ലഭിച്ചിട്ടുണ്ടെന്നു പറയുവാൻ ദയവുണ്ടാകുമോ?

(ബി) ഇവിടത്തെ പിന്നോക്കസമുദായോദ്ധാരണ വകുപ്പിന്റെ ഇപ്പോഴത്തെ ഭരണത്തെപ്പറ്റി വല്ല പരാതിയും ഗവണ്മെന്റിനു ലഭിച്ചിട്ടുണ്ടോ?

(സി) ഉണ്ടെങ്കിൽ അതേപ്പറ്റി ഗവണ്മെന്റ് എന്തു നടപടി സ്വീകരിച്ചു എന്നു പറയുവാൻ ദയവുണ്ടാകുമോ?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ): (എ) അങ്ങിനെയുള്ള മെമ്മോറാണ്ടങ്ങൾ ഒന്നുംതന്നെ കിട്ടിയിട്ടില്ല.

(ബി) ഉണ്ട്.

(സി) അവ ഗവണ്മെന്റിന്റെ ശ്രദ്ധയിൽ ഇരിക്കുകയാണ്.

കോളേജ് വിദ്യാർത്ഥികൾക്കു വേതനം

*൧൫൬. (൫൬) ശ്രീ. എം. പി. കൃഷ്ണദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു പിന്നോക്കസമുദായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) പിന്നോക്കസമുദായാംഗങ്ങളായ കോളേജ് വിദ്യാർത്ഥികൾക്കു പ്രതിമാസം ൫൦ രൂപാ വീതം വേതനം അനുവദിക്കണമെന്നുള്ള പിന്നോക്ക

LIBRARY ARCHIVES Kerala Legislative Assembly